## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4581

20-10-2011-ൽ മറുപടിയ്ക്ക്

### തീരദേശ സുരക്ഷയ്ക്ക് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) കണ്ണൂർ കടൽത്തീരത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരെ അപകടത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) കണ്ണൂർ ജില്ലയിൽ മത്സ്യബന്ധനത്തിനിടെ അപകടം സംഭവിച്ചാൽ സഹായിക്കുന്നതിനായി അഴീക്കൽ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ഒരു ബോട്ട് വാടകക്കെടുത്ത് മറൈൻ എൻഫോഴ്സ്മെൻറ് രക്ഷാ പ്രവർത്തനം നടത്തി വരുന്നു. കൂടാതെ രക്ഷാപ്രവർത്തനത്തിനായി ഒരു ഇൻഫ്ളാറ്റബിൾ ബോട്ട് പ്രവർത്തിപ്പിക്കുന്നുണ്ട്. കടൽ രക്ഷാ പ്രവർത്തനത്തിൽ ഗോവയിലെ NIWS-ൽ നിന്നും പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളെ കടൽ സുരക്ഷാ സ്കോഡുകളായി നിയോഗിച്ചിട്ടുണ്ട്. രക്ഷാ ബോട്ടിൽ ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ജി.പി.എസ്., Fire Extinguisher, Search light തുടങ്ങിയ ജീവൻ രക്ഷാ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻെറ മേൽനോട്ടത്തിനായി എസ്.പി. മറൈൻ എൻഫോഴ്സ്മെൻറിൻെറ ഓഫീസിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുണ്ട്. |
| ബി) പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

| | |
|---|---|
| സി) തീരദേശ സുരക്ഷയ്ക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ? | സി) 1) തീരദേശ സുരക്ഷയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി സംസ്ഥാനത്ത് മത്സ്യബോർഡിൽ അംഗത്വമുള്ള 2,35,000 ആക്ടീവ് മത്സ്യതൊഴിലാളികളിൽ 1,68,000 പേരുടെയും വിവരം ശേഖരിച്ചു കഴിഞ്ഞു. ഇവയിൽ 1,30,000 പേരുടെ ബയോമെട്രിക് വിവരങ്ങളും എടുത്തുകഴിഞ്ഞു.<br><br>2) കൂടാതെ സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ഫിഷറീസ് വകുപ്പ് രജിസ്ട്രേഷനും ലൈസൻസും നൽകുന്നുണ്ട്.<br><br>ഇതിനും പുറമെ തീരദേശ സുരക്ഷയ്ക്കായി മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗം, കോസ്റ്റ് ഗാർഡ്, ഇൻഡ്യൻ നേവി, കോസ്റ്റൽ പോലീസ്, ലോക്കൽ പോലീസ്, റവന്യൂ അതോറിറ്റിസ് തുടങ്ങിയ സർക്കാർ ഏജൻസികൾ ചേർന്ന് പട്രോളിംഗ് നടത്തി കടൽ നിരീക്ഷണം ശക്തമായി നടത്തി വരുന്നു. കൂടാതെ ഇവരുമായി ചേർന്ന് തീരദേശസുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും മേൽ ക്ലാസുകളിൽ നിറഞ്ഞ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു വരുന്നതോടൊപ്പം തീരദേശങ്ങൾ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെട്ട തീരദേശ ജാഗ്രതാസമിതിക്ക് കീഴിൽ പ്രതിമാസ യോഗം നടത്തിയും ടോപ്പ് അപ് കൂപ്പൺ നൽകി തിരഞ്ഞെടുത്ത് നിയോഗിച്ച ജാഗ്രതാ സമിതി അംഗങ്ങളുടെ സൂക്ഷ്മ നിരീക്ഷണവും മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗത്തിൻെറ കടൽ-കര പട്രോളിംഗും സജീവമായി നടത്തിവരുന്നു.<br><br>സെക്ഷൻ ഓഫീസർ |